# മന്ന

MANNA

തൃശ്ശൂർ, കുവൈത്ത്, യു. എ. ഇ. & കൊച്ചിൻ വാല്യം 19 ലക്കം 1

newsmanna@gmail.com www.newsmanna.com

9656214034, 9349882255

ജനുവരി 2012



INSIDE THIS ISSUE

യേശു നമ്മുടെ കൺവൻഷനിൽ വന്നാൽ...

പുതുവർഷം പ്രതീക്ഷകളുടെ പൂക്കാലം


# നൈജീരിയായിൽ ക്രൈസ്തവ കൂട്ടക്കൊല

**ജോഹന്നാസ്ബർഗ്:** ആഫ്രിക്കൻ രാജ്യങ്ങളിൽ ഈയിടെ ഉണ്ടായ ക്രൈസ്തവ ഉണർവിനെ തകർക്കാൻ തീവ്രവാദശക്തികൾ രംഗത്തു വന്നതോടെ നൂറുകണക്കിനു ക്രൈസ്തവർ കൊല്ലപ്പെട്ടതായി വിവിധ വാർത്താ ഏജൻസികൾ റിപ്പോർട്ട്ചെയ്യുന്നു. വടക്കുപടിഞ്ഞാറൻ നൈജീരിയയിലെ മുബി പട്ടണത്തിൽ തീവ്രവാദികൾ വെടിവച്ചുകൊന്ന പതിനെട്ട് പെന്തെക്കോസ്തു വിശ്വാസികളുടെ കുടുംബങ്ങൾക്കു വേണ്ടി നടത്തിയ പ്രാർഥനയിൽ അക്രമിച്ച് കയറിയ തീവ്രവാദികൾ കഴിഞ്ഞദിവസം ആറുപേരെ വെടിവെച്ചുകൊല്ലുകയായിരുന്നു.

ലൈഫ് ക്രിസ്ത്യൻ മിനിസ്ട്രി ചർച്ചിലെ വിശ്വാസികളായിരുന്നു എല്ലാവരും. ഭീകരാക്രമണങ്ങൾ തുടരെ അഴിച്ചുവിടുന്ന ബൊക്കോഹറം തീവ്രവാദിസംഘത്തിന് സ്വാധീനമുള്ള ബോർണോ സംസ്ഥാനത്തോടു ചേർന്നുള്ള ആഡമാവ സംസ്ഥാനത്തുള്ള മെമദുഗുരിയിലെ മിഷനറിദമ്പതികളെ കഴിഞ്ഞദിവസം ഘാതകർ തോക്കിനിരയാക്കി. ഉത്തരനൈജീരിയായിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ നിന്നും മൂന്നു ദിവസത്തിനുള്ളിൽ സ്ഥലംവിട്ടില്ലെങ്കിൽ കൊല്ലുമെന്ന് മുന്നറിയിപ്പു നല്കിയിരുന്നു. അതിനു പിന്നാലെയാണ് അക്രമണവും വെടിവെയ്പും ആരംഭിച്ചിരിക്കുന്നത്. ആദാമാവ പ്രവിശ്യയിലെ ക്രൈസ്തവപള്ളിയിലുണ്ടായ വെടിവെയ്പിൽ 20 പേരും കാമറൂണിലെ പള്ളിയിൽ 12 പേരും കൊല്ലപ്പെട്ടു. ക്രിസ്തുമസ് ദിനത്തിൽ ബൊക്കോഹറം തീവ്രവാദിസംഘടന ക്രൈസ്തവർ തിങ്ങിപ്പാർക്കുന്ന പട്ടണത്തിൽ നടത്തിയ ബോംബ് സ്ഫോടനത്തിൽ 40 പേർ കൊല്ലപ്പെട്ടതായാണ് കണക്ക്.

ആഫ്രിക്കൻ രാജ്യങ്ങളായ സുഡാൻ, നൈജീരിയ, അൾജീറിയ, സോമാലിയ, കെനിയ, ലിബിയ, എറിട്രിയ എന്നിവിടങ്ങളിൽ ശക്തിയായ ക്രൈസ്തവപീഡനങ്ങൾ നടക്കുന്നതായി ക്രിസ്ത്യൻ പോസ്റ്റ് റിപ്പോർട്ട് ചെയ്തു. ഈ രാജ്യങ്ങളിൽ ഈ അടുത്ത സമയത്ത് ഉടലെടുത്ത ഇല്സാമിക തീവ്രവാദ സംഘടനകളാണ് ഇതിനു പിന്നിൽ. ചില വർഷങ്ങളായി ഇരുണ്ട വൻകര എന്നറിയപ്പെട്ടിരുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ വൻ സുവിശേഷ മുന്നേറ്റമാണ് ഉണ്ടായത് പ്രശ്നങ്ങൾക്ക് കൂടുതൽ കാരണമായി. എത്യോപ്യയിലും സുഡാനിലും സർക്കാരും പോലീസും ചേർന്ന് ക്രൈസ്തവർക്ക് എതിരെ ആക്രമണം അഴിച്ചുവിടുകയാണ്. ഇന്തോനേഷ്യയിൽ 2011 ൽ 276 പീഡനങ്ങൾ നടന്നതായി ക്രിസ്ത്യൻ പോസ്റ്റ് റിപ്പോർട്ടു ചെയ്തു. ഇതേസമയം ഇസ്രയേലിൽ ന്യൂനപക്ഷമായ ക്രൈസ്തവരുടെ ക്രിസ്തുമസ് ആഘോഷപ്രദക്ഷിണത്തിൽ സാന്താക്ലോസിന്റെ വേഷത്തിൽ കയറിക്കൂടിയ അക്രമി ക്രൈസ്തവനേതാവിനെ പിന്നിൽ നിന്ന് കുത്തിക്കൊന്നു. പട്ടണത്തിലെ ഗ്രീക്ക് ഓർത്തഡോക്സ് അസോസിയേഷന്റെ അധ്യക്ഷനായ ഗാബി കാദീസ് ആണ് കൊലപ്പെട്ടത്. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ വർധിച്ചുവരുന്ന ക്രൈസ്തവ പീഡനങ്ങളിൽ ആത്മബലത്തോടെ നില്ക്കുവാൻ ശക്തിലഭിക്കുവാൻ എല്ലാവരുടെയും പ്രാർഥന ഇന്ന് ആവശ്യമാണ്.

# ക്രൈസ്തവ വിശ്വാസങ്ങളെ യു.എ.ഇ. ബഹുമാനിക്കുന്നു: ശൈഖ് നഹ്‌യാൻ



*ശൈഖ് നഹ്‌യാൻ ബിൻ മുബാറഖ് ആൽ നഹ്‌യാന് ബിഷപ്പ് പോൾ ഹിൻഡർ ബൈബിൾ സമ്മാനിക്കുന്നു.*

**അബുദാബി:** യു.എ.ഇ. ഇസ്ലാമിക രാജ്യമാണെങ്കിലും ക്രൈസ്തവ വിശ്വാസങ്ങളെ അതീവ ബഹുമാനത്തോടെയും തുല്യതയോടെയും ആണ് കാണുന്നതെന്ന് ഉന്നത വിദ്യാഭ്യാസ-ശാസ്ത്ര ഗവേഷണ മന്ത്രി ശൈഖ് നഹ്‌യാൻ ബിൻ മുബാറഖ് ആൽ നഹ്‌യാൻ പറഞ്ഞു. തലസ്ഥാനത്തെ ക്രൈസ്തവ സമൂഹം നാഷണൽ തിയറ്ററിൽ സംഘടിപ്പിച്ച യു.എ.ഇ. യുടെ 40-ാമത് ദേശീയ ദിനാഘോഷവും ക്രിസ്തുമസ് പരിപാടികളും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏതു മതവിശ്വാസങ്ങളെയും ബഹുമാനിക്കാനാണ് സൃഷ്ടാവായ ദൈവം കൽപ്പിച്ചിരിക്കുന്നത്. അത് മനസ്സിലാക്കി ജീവിക്കണം. മറ്റ് വിശ്വാസങ്ങളോടുള്ള കൂടിച്ചേരലുകൾ നമുക്ക് ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കാൻ സഹായിക്കും. ഒരു ആണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ട ജനങ്ങളെ പല വിഭാഗങ്ങളാക്കിയത് പരസ്പരം ബഹുമാനിച്ച് കഴിയാനാണ്. അദ്ദേഹം അഭിപ്രായപ്പെട്ടു. സമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും പൊതുവേദികളിലൂടെ യു.എ.ഇ. ഇന്ന് മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയാണ്. അത് ഈ പ്രശ്നസങ്കീർണ്ണമായ ലോകത്തിന് ആശ്വാസവും പ്രചോദനവും നൽകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.



*ലഹരിവിരുദ്ധ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം തൃശ്ശൂർ കോർപ്പറേഷൻ മേയർ ഐ.പി. പോൾ നിർവ്വഹിക്കുന്നു.*

# ഐ.സി.പി.എഫ് ലഹരി വിരുദ്ധ സന്ദേശയാത്ര

**തൃശ്ശൂർ:** ഇന്റർ കോളേജിയേറ്റ് പ്രെയർ ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡു വരെ നടത്തുന്ന ലഹരി വിരുദ്ധ സന്ദേശയാത്ര ജില്ലയിലെത്തി. വിവിധകലാലയങ്ങളിലും പൊതുസ്ഥലങ്ങളിലുമായി പരിപാടികൾ നടന്നു.

സുവിശേഷ സന്ദേശത്തോടൊപ്പം ലഹരിവിരുദ്ധ വീഡിയോ പ്രദർശനം, ഗാനാലാപനം, തെരുവുനാടകം എന്നിവയും ഉണ്ടായി. പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം തൃശ്ശൂർ കോർപ്പറേഷൻ മേയർ ഐ.പി. പോൾ നിർവ്വഹിച്ചു. കോ- ഓർഡിനേറ്റർ ടോണി ഡി. ചെവ്വൂക്കാരൻ അധ്യക്ഷതവഹിച്ചു. ഡോ.മാർ അപ്രേം സന്ദേശ യാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ഡോ.പി. ആർ. വർഗീസ് സ്വാഗതവും, പാസ്റ്റർ പി.ടി. ഫിലിപ്പ് നന്ദിയും പറഞ്ഞു. കുഞ്ഞുമോൻ മാത്യൂസ്, ജെയ്സ് വർഗ്ഗീസ്, ലിബിൻ ഐസ്ലിൻ തുടങ്ങിയവർ നേതൃത്വം നൽകി.

## കുമ്പനാട് കൺവൻഷൻ

# യേശുവിലുള്ള വിശ്വാസത്തിലൂടെ മാത്രം അനുഗ്രഹം: കെ.സി. തോമസ്

**കുമ്പനാട്:** രക്ഷയും സമാധാനവും സൗഖ്യവും യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ മാത്രമേ ലഭിക്കൂ എന്ന് സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് പറഞ്ഞു. സകല അനുഗ്രഹങ്ങളും യേശുക്രിസ്തുവിലൂടെ വാഗ്ദാനം ചെയ്തിട്ടുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. അർഹിക്കുന്ന അനുഗ്രഹവും സ്ഥാനവും ദൈവം നൽകുന്നത് പാപമോചനത്തിലൂടെ ശുദ്ധീകരണം പ്രാപിക്കുന്നതിലൂടെയാണ്. അദ്ദേഹം പറഞ്ഞു.

നാടിന്റെ നാനാഭാഗത്തുനിന്നെത്തിയ ശുശ്രൂഷകരെയും സഭാംഗങ്ങളെയും സാക്ഷി നിർത്തി ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ. സി. ജോൺ ഉദ്ഘാടനം ചെയ്തു. സഭയുടെ സീനിയർ ജനറൽ പ്രസിഡന്റ് പാസ്റ്റർ റ്റി. എസ്. ഏബ്രഹാം അധ്യക്ഷനായിരുന്നു. സഭയുടെ ആരംഭകാല ചരിത്രം അനുസ്മരിച്ച അദ്ദേഹം ഇതുവരെ കർത്താവു നടത്തിയ വഴികളെ ഓർത്ത് ദൈവത്തിനു നന്ദിയർപ്പിച്ചു.

അമേരിക്കയിലെ ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റിയുടെ കോളേജ് ഓഫ് തിയോളജി ഡീൻ ഡോ. തോംസൺ കെ. മാത്യു മുഖ്യ പ്രസംഗകനാണ്. രാത്രിയോഗങ്ങളിൽ പാസ്റ്റർമാരായ സണ്ണി കുര്യൻ, ബേബി വർഗീസ്, കെ. ജോയി, ജോൺ കെ. മാത്യു, ബാബു ചെറിയാൻ, ഫിലിപ്പ് പി. തോമസ്, കെ.എം. ജോസഫ്, എം. എസ് ശാമുവേൽ തുടങ്ങിയവരും പ്രസംഗിക്കും.

ഞായറാഴ്ച കർത്തൃമേശയോടെ കൺവൻഷൻ സമാപിക്കും.

# പരിസ്ഥിതി നശീകരണം പാപത്തിന്റെ പട്ടികയിൽ

കൊച്ചി: ദൈവത്തിനും സഭയ്ക്കും എതിരായ പ്രവൃത്തികൾ പോലെ തന്നെ പരിസ്ഥിതി നശീകരണവും കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കേരളാ കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി) തീരുമാനിച്ചു. സഭ മുന്നോട്ടു വെച്ച ഹരിത അധ്യാത്മികതയുടെ ഭാഗമായാണിത്. 'ഹരിത അധ്യാത്മികത' മൂന്നു ദിവസങ്ങളിലായി നടന്നുവന്ന കെ.സി.ബി.സി യോഗം അംഗീകരിച്ചു. ഫെബ്രുവരി അവസാനത്തോടെ ഇതു നയമായി അവതരിപ്പിക്കാനും സഭാതലത്തിൽ നടപ്പാക്കാനുമാണ് തീരുമാനം. കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപങ്ങൾ തീരുമാനിക്കാൻ സാർവത്രിക സഭയ്ക്ക് മാത്രമേ അധികാരമുള്ളൂ എങ്കിലും ജീവവർഗത്തിനെതിരെയുള്ള പാപങ്ങളെപ്പോലെ പ്രകൃതിക്കെതിരെയുള്ള കടന്നുകയറ്റവും പാപമാണെന്ന ബോധ്യത്തിൽ കുമ്പസാരത്തിൽ ഏറ്റുപറയാൻ വിശ്വാസികളെ പ്രേരിപ്പിക്കുകയാണ് ലക്ഷ്യം. ദൈവം, മനുഷ്യ, പ്രപഞ്ച ദർശനങ്ങളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതിപ്രശ്നങ്ങളെ ഉൾക്കൊണ്ട് ഈ പ്രശ്നങ്ങളെ ഭൗതികതലത്തിൽ നിന്ന് മാറ്റി ആത്മീക തലത്തിൽ മനസ്സിലാക്കാനുമാണ് സഭയുടെ തീരുമാനം. സഭയുടെ കീഴിൽ കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളിൽ മരങ്ങൾ നട്ടുവളർത്തും, ആഘോഷവേളകളിൽ ദീപാലങ്കാരങ്ങൾക്കും കരിമരുന്ന് പ്രയോഗങ്ങൾക്കും നിയന്ത്രണം ഉണ്ടാകും. മദ്യവർജനം വ്യാപകമാക്കാനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും കെ.സി.ബി.സി. തീരുമാനിച്ചിട്ടുണ്ട്.

# യേശു നമ്മുടെ കൺവൻഷനിൽ വന്നാൽ...

ചിന്തയ്ക്ക്

സാബു ജോർജ്ജ് പന്തളം

**ഇ**ത് സുവിശേഷ മഹായോഗങ്ങളുടെ കാലം. സുവിശേഷമഹായോഗങ്ങൾ എന്നുള്ളത് പഴയ പേര്. ഇന്ന് നിരവധി ആധുനിക ആഗംലേയ നാമങ്ങളിലാണ് കൺവൻഷനുകൾ സംഘടിപ്പിക്കുന്നത്. കാലത്തിനനുസരിച്ച് സുവിശേഷയോഗങ്ങൾക്കും മാറ്റം സംഭവിച്ചിരിക്കുന്നു. അത് വിമർശന വിധേയമാകുന്നതിൽ കാര്യമില്ല. കാരണം എല്ലാ മേഖലകളിലും മാറ്റം സംഭവിച്ചിട്ടില്ലേ. പണ്ടത്തെ വേഷങ്ങൾ മാറി, ഭാഷകൾ മാറി, സംസ്കാരം മാറി, സമൂഹവും മാറി. പ്രാചീന മനുഷ്യരെപ്പോലെ ഇന്ന് ജീവിക്കേണ്ട ആവശ്യമില്ലല്ലോ. എങ്കിലും പഴയകാര്യങ്ങൾ ഓർക്കുകയും ചിന്തിക്കുകയും ചെയ്യുന്നത് നല്ലതാണ്. വ്യത്യാസങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നതിലൂടെ എന്തെങ്കിലും പ്രയോജനം ഉണ്ടാകുന്നെങ്കിൽ അത് നല്ലതല്ലേ? ചിലർ ചിന്തിക്കും ഇതിലെന്തെങ്കിലും പ്രയോജനമുണ്ടോയെന്ന്. കാലം മാറുമ്പോൾ കോലം മാറും അതോടൊപ്പം മൂല്യം മാറുന്നുണ്ടോ! മാറാതിരിക്കുവാൻ ശ്രദ്ധിക്കുക.

പണ്ട് പണ്ട് ഒരിക്കൽ യേശുക്രിസ്തു ഒരു കൺവൻഷൻ സംഘടിപ്പിച്ചു. കൺവൻഷന് നോട്ടീസ് അടിച്ചില്ലായിരുന്നുവെങ്കിലും ആയിരക്കണക്കിന് ജനം സംബന്ധിച്ചു. കൺവൻഷൻ നടന്നത് നിർജ്ജന പ്രദേശത്ത്. യേശുവിനെ അനുസരിച്ച് അവരെല്ലാരും അവിടെ എത്തിച്ചേർന്നു. യേശു പ്രസംഗം ആരംഭിച്ചു. ജനത്തിന് വളരെ ഇഷ്ടപ്പെട്ടു. അവർ രണ്ടു മൂന്നു ദിവസമായിട്ടും പിരിഞ്ഞുപോയില്ല. യേശുവിന് അവരോട് മനസ്സലിവ് തോന്നി. കൺവൻഷൻ കമ്മറ്റി അംഗങ്ങളായ ശിഷ്യന്മാരോട് യേശു തന്റെ മനസ് തുറന്നു. അവരുടെ ഭക്ഷണകാര്യങ്ങളെക്കുറിച്ച് ആരാഞ്ഞു. അവിടെ ഒരു ഭക്ഷണശാലയും ഇല്ലായിരുന്നു. പക്ഷെ, ഒരു ബാലകന്റെ കൈവശം അഞ്ചപ്പവും രണ്ടു മീനും ഉണ്ടായിരുന്നു. ഫിലിപ്പോസ് അവനെ കണ്ടുപിടിച്ചു. യേശു ഈ അഞ്ചപ്പം കൊണ്ട് സുഖസമൃദ്ധമായ ഭക്ഷണം ആയിരക്കണക്കിന് ശ്രോതാക്കൾക്ക് നൽകി. ആവശ്യത്തിന് ബാക്കിയും വന്നു. അന്നത്തെ കൺവൻഷനും യേശുവിന്റെ പ്രസംഗവും ജനങ്ങളുടെ താല്പര്യവും ഇന്ന് ചർച്ചചെയ്യേണ്ടതാണ്.

ഇന്ന് കൺവൻഷന് എത്ര വിധത്തിലുള്ള നോട്ടീസുകളാണ്. ഓഫ്സെറ്റും ഡിജിറ്റലും ഒക്കെ വാണരുളുന്ന അച്ചടി

> ***യേശുവിന്റെ പ്രസംഗവും ഇന്നത്തെ കൺവൻഷൻ പ്രസംഗങ്ങളും തമ്മിൽ ഒത്തിരി വ്യത്യാസമുണ്ട്. ഇന്ന് വചന പ്രസംഗങ്ങൾ കുറഞ്ഞുവരുന്നു. സംഘടനാ ശക്തിയെക്കുറിച്ചുള്ള പ്രസംഗങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്.***

പരസ്യങ്ങൾ, പത്ര, ദൃശ്യ, മാധ്യമങ്ങളുലൂടെ വാർത്തകൾ, വ്യക്തികളും സ്ഥാപനങ്ങളും സ്പോൺസർ ചെയ്യുന്ന ബ്രോഷറുകൾ, ബാനറുകൾ, സുവനീറുകൾ, സപ്ലിമെന്റുകൾ, ഓഡിയോ, വീഡിയോ ചിത്രങ്ങൾ, അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പന്തലുകൾ, ശബ്ദ - വെളിച്ച സംവിധാനങ്ങൾ, ടി.വി സർക്യൂട്ടുകൾ, ചാനൽ സംപ്രേക്ഷണങ്ങൾ, പ്രസംഗകർക്ക് വസിക്കുവാൻ പഞ്ചനക്ഷത്ര ഹോട്ടലുകൾ ഈ ക്രമീകരണങ്ങളൊക്കെ ഒരു ദിവസത്തെ, അല്ലെങ്കിൽ നാലു ദിവസത്തെ, അതുമല്ലെങ്കിൽ ഒരാഴ്ചത്തെ വിരലിലെണ്ണാവുന്ന മണിക്കൂറുകൾക്കുവേണ്ടി. അകത്തും പുറത്തും വിവിധതരത്തിലുള്ള വ്യാപാരങ്ങൾ. വേദിയിൽ സഭയുടെ പലതരത്തിലുള്ള പദ്ധതികളെ സംബന്ധിച്ചുള്ള പണപ്പിരിവുകൾ, പന്തലിനു പുറത്ത് ഉപ്പുമുതൽ കർപ്പൂരം വരെയുള്ള കച്ചവടങ്ങൾ, ഇവയ്ക്കെല്ലാം പൊള്ളുന്ന വിലയും. ഇവയുടെ ഒക്കെ അട്ടഹാസം മൂലം പാവം സുവിശേഷം ഒതുങ്ങിപ്പോകുന്നു.

യേശുവിന്റെ കാലത്ത് മഴയെ പേടിക്കേണ്ട ആവശ്യമില്ലായിരുന്നു. കാരണം മഴയോടു കൽപിക്കുവാൻ യേശുവിന്റെ വാക്ക് ഉണ്ടായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ സിംഹഭാഗവും നമ്മുടെ കൺവൻഷനുകൾ നടന്നത് ഓലമേഞ്ഞ പന്തലിലായിരുന്നു. ദൈവദാസന്മാരും വിശ്വാസികളും ഉപവാസത്തോടെ പ്രാർഥിച്ചു. "ദൈവമേ, കൺവൻഷൻ സമയത്ത് മഴ പെയ്യരുതേ" ഇന്ന് ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ സഭകൾക്ക് കൺവൻഷൻ പന്തലുകളെക്കുറിച്ച് ആശങ്ക വേണ്ട. മഴയെക്കുറിച്ച് പേടിക്കേണ്ട... കാരണം അത്യാധുനിക സജ്ജീകരണങ്ങളോടെയുള്ള ടെന്റുകൾ പൊങ്ങുന്നുണ്ട്. ഏതു ശക്തമായ മഴയിലും അത് തകരില്ല, ചോരില്ല. പിന്നെ, മഴയെ ഉദ്ദേശിച്ചുള്ള ഒരു പ്രാർഥനാ വിഷയത്തിന് എന്ത് ഗൗരവം...

യേശുവിന്റെ പ്രസംഗവും ഇന്നത്തെ കൺവൻഷൻ പ്രസംഗങ്ങളും തമ്മിൽ ഒത്തിരി വ്യത്യാസമുണ്ട്. ഇന്ന് വചന പ്രസംഗങ്ങൾ കുറഞ്ഞുവരുന്നു. സംഘടനാ ശക്തിയെക്കുറിച്ചുള്ള പ്രസംഗങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്. എങ്കിലും വചനത്തെ ബഹുമാനിക്കുന്നത്, സന്തോഷമുള്ള സംഗതിതന്നെ.

ജനങ്ങൾക്ക് അന്ന് വിശപ്പ് ഒരു പ്രശ്നമല്ലായിരുന്നു യേശുവിനായിരുന്നു അവരുടെ വിശപ്പിനെക്കുറിച്ച് പ്രശ്നമുണ്ടായിരുന്നത്. അവർക്ക് യേശുവിൽ നിന്ന് കേൾക്കുവാനായിരുന്നു താൽപര്യം. ഇന്ന് നല്ല പ്രസംഗത്തിനിടയിലും വിശപ്പ് വന്നാൽ പന്തലിനു ചുറ്റുമുള്ള ഭക്ഷണശാലകൾ ഭക്തരെ കാത്തിരിക്കുകയാണ്. അങ്ങോട്ടു ചെന്നാൽ മതി.

യേശു ഇന്ന് നമ്മുടെ കൺവൻഷനിൽ വന്നുചേർന്നാൽ എന്തു സംഭവിക്കും... യേശുവിന് ഇതൊക്കെ കാണാൻ അവസരം ലഭിക്കും. ഒപ്പം കുറെ വോട്ടുപിടുത്തക്കാരെയും ബാലറ്റ് പേപ്പറുകളും സ്ഥാനാർഥികളെയും നമ്മുടെ കർത്താവിനു കാണാൻ ഭാഗ്യമുണ്ടാകും... നിർഭാഗ്യമെന്നു പറയട്ടെ.

---

# പ്രകൃതി പരിപാലനം ദൈവിക പദ്ധതി

വർത്തമാനം

ആൽഫാമോൾ പി.സി

***വേ***ദപുസ്തകത്തിന്റെ ആരംഭം ദൈവത്തിന്റെ സൃഷ്ടി കർമ്മത്തിന്റെ മഹത്വത്തെ ഉദ്ഘോഷിച്ചുകൊണ്ടാണല്ലോ? ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉല്പത്തി1:1). തിരുവചനം ഉടനീളം ഈ അചഞ്ചലമായ സത്യം വിളിച്ചു പറയുന്നതായി നാം ദർശിക്കുന്നു. താൻ സൃഷ്ടിച്ചതെല്ലാം വളരെ നല്ലതെന്ന് കണ്ട ദൈവത്തെ ഉല്പത്തി പുസ്തകത്തിൽ നമുക്ക് കാണാവുന്നതാണ്. അവയിൽ ഭൂമിയും മനുഷ്യനും അനേകശതം സസ്യജന്തുജാലങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ദൈവത്തിന്റെ സൃഷ്ടികർമ്മം തുടർന്നുകൊണ്ടിരിക്കുന്നു. റോമർ4.17 ൽ ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്ന ദൈവത്തെക്കുറിച്ചാണ് പൗലൊസ് ചൂണ്ടികാട്ടുന്നത്. ദൈവീക പ്രവർത്തനം വർത്തമാനകാലത്തിലും നിലനിൽക്കുന്നു എന്നാണല്ലോ ഇവിടുത്തെ സൂചന.

ദൈവീക സൃഷ്ടികർമ്മത്തെക്കുറിച്ച് വ്യക്തമായ അവബോധം നമുക്കുണ്ടെങ്കിൽ പ്രകൃതിയുടെ ചലനാത്മകതയെ അംഗീകരിക്കുവാൻ കഴിയും. ആദിമാതാപിതാക്കളായ ആദാമിനെയും ഹവ്വയെയും, ഒരു പ്രത്യേക ചുമതല നൽകിയാണ് ഏദെൻ തോട്ടത്തിൽ ആക്കിയത്. വേലചെയ്യുക, സൂക്ഷിക്കുക. എന്നാൽ ഭൂമിയിൽ നിലനിൽക്കുന്ന സർവ്വ സസ്യജീവജാലങ്ങളേയും സംരക്ഷിക്കുക എന്നത് വർത്തമാന കാല മനുഷ്യന്റെയും കടപ്പാടാണ്. പ്രകൃതിയോടു ക്രൈസ്തവരുടെ സമീപനം എപ്രകാരമായിരിക്കണം എന്നത് ചിന്താദ്യോതകമായ വസ്തുതയാണ്. ദൈവീക സൃഷ്ടിയിൽ മനുഷ്യന്റെ അതിപ്രധാനമായ പങ്ക് എന്തെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ശൂന്യതയിൽ നിന്നും സർവ്വം ചമച്ച ദൈവം അവയെ സംരക്ഷിക്കേണ്ട ധാർമ്മിക ഉത്തരവാദിത്തം മനുഷ്യരിൽ ഏൽപിച്ചിട്ടുണ്ട്. അതുകൊണ്ട് സൃഷ്ടി കർമ്മത്തിന്റെ ശ്രേഷ്ഠതയെ മനസ്സിലാക്കുകയാണെങ്കിൽ, നാം കർത്തവ്യം നിർവ്വഹിക്കാൻ പ്രതിബദ്ധതയുള്ളവരാകുമല്ലോ?.

പ്രപഞ്ചത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ജീവജാലങ്ങളെയും പ്രകീർത്തിച്ചുകൊണ്ടുള്ള സങ്കീർത്തന ദാനങ്ങൾ ബൈബിളിലുണ്ട്. പ്രകൃതിയുടെ മനോഹാരിതയെ വർണ്ണിക്കുന്നതോടൊപ്പം അവയ്ക്കു നേരിടാനിരിക്കുന്ന വിപത്തിന് കാരണക്കാരായ ദുഷ്ടന്മാർക്ക് ലഭിക്കേണ്ട ശിക്ഷയെക്കുറിച്ചും സങ്കീർത്തനക്കാരൻ സൂചിപ്പിക്കുന്നുണ്ട്. ദൈവം നമുക്ക് സൂക്ഷിക്കുവാൻ തന്ന ഭൂമിയിലെ ജീവരക്തം ഊറ്റിക്കുടിക്കുവാൻ ഉത്സുകരാകുന്ന ചൂഷകരെയാണോ സങ്കീർത്തനക്കാരൻ ഇവിടെ വിവക്ഷിക്കുന്നത്?. ആണെന്ന് കരുതുന്നതിൽ തെറ്റില്ല. സ്വാർത്ഥ താൽപര്യങ്ങളുടെ പൂർണ്ണതയ്ക്കായി മനുഷ്യൻ പ്രകൃതിയെ അനിയന്ത്രിതമായി കൊള്ളചെയ്യുന്നു. ആധുനിക വ്യവസായവത്കരണം അതിനുള്ള പ്രധാന കാരണമാണ്. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി മുറവിളി കൂട്ടാൻ ക്രൈസ്തവ സഭകൾ ഇപ്പോഴും തയ്യാറായിട്ടില്ല. ദൈവത്തിന്റെ സൃഷ്ടി പ്രവർത്തനത്തിന്റെ മാഹാത്മ്യത്തെ വാതോരാതെ പ്രസംഗിച്ചു നടന്നതുകൊണ്ട് കാര്യമില്ല. പകരം, ചില സംരക്ഷണ പ്രവർത്തനങ്ങൾ ലോകത്തിന്റെ മുൻപിൽ കാഴ്ചവെയ്ക്കാൻ നാം സന്നദ്ധരാകണം. പ്രകൃതിപരിപാലനമാണ് ദൈവത്തിന്റെ സൃഷ്ടി വ്യവസ്ഥയിലെ ഉത്തമദൗത്യം. ആദിമമാതാപിതാക്കളുടെ വീഴ്ചയുടെ ഫലമായി പ്രകൃതി ചൂഷണം ആരംഭിച്ചു. ഫലഭൂയിഷ്ഠമായ ഭൂമി ശപിക്കപ്പെട്ടതായി. മനുഷ്യൻ ദൈവീകസംസർഗ്ഗത്തിൽനിന്നും നന്മ ലഭിക്കേണ്ടതിനു പകരം തിന്മ അനുഭവിക്കുന്നു. പ്രകൃതി ക്ഷോഭങ്ങൾക്ക് കാരണമാകുമാറുണ്ട്.പരിസ്ഥിതിയോടുള്ള നമ്മുടെ ധർമ്മം എന്തെന്ന് പറഞ്ഞ് ഈ ലേഖനം അവസാനിപ്പിക്കാം. പ്രകൃതിയെ ആരാധിക്കുക എന്നതാകരുത് പരിസ്ഥിതി സംരക്ഷണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാങ്കേതിക വിദ്യയും ശാസ്ത്രവും അനുദിനം വർദ്ധിച്ചുവരുമ്പോൾ മനുഷ്യനന്മയെ ലക്ഷ്യമിട്ടുകൊണ്ടാണോ അവ നടപ്പാക്കുന്നതെന്ന് നാം ഗൗരവമായി ചിന്തിക്കേണ്ടതാണ്. കാടുകൾ വെട്ടി വൃത്തിയാക്കുമ്പോഴും പാടം നികത്തുമ്പോഴും വരും തലമുറയെ ഓർക്കുക. നമ്മുടെ ഹരിതഗൃഹത്തിനെ വേദനിപ്പിക്കുന്ന എല്ലാം നമുക്ക് ഒഴിവാക്കാം. ആഗോളതാപനം ഒരു പരിധി വരെ നിയന്ത്രിക്കാൻ നമുക്ക് സാധിച്ചെങ്കിൽ ക്രൈസ്തവ സമൂഹം എത്രധന്യമാണ്. മലയാളത്തിന്റെ പ്രശസ്തകവി ഒ. എൻ.വി. പാടിയതുപോലെ

ഇനിയും മരിക്കാത്തഭൂമി,
നിന്നാത്മസ്മൃതിയിൽ നിനക്കാത്മ ശാന്തി
മൃതിയിൽ നിനക്കമൃത ശാന്തി
എന്ന് പാടേണ്ടി വരികയില്ല.

> **കാടുകൾ വെട്ടി വൃത്തിയാക്കുമ്പോഴും പാടം നികത്തുമ്പോഴും വരും തലമുറയെ ഓർക്കുക. നമ്മുടെ ഹരിത ഗൃഹത്തിനെ വേദനിപ്പിക്കുന്ന എല്ലാം നമുക്ക് ഒഴിവാക്കാം.**

For Advertisements & News Publishing Please Contact: 9656214034, 9349882255

# പുതുവർഷം പ്രതീക്ഷകളുടെ പൂക്കാലം

ഷിബു മുള്ളംകാട്ടിൽ

സംഭവബഹുലമായ 2011 വിടവാങ്ങി. പുതുവർഷവുമായി ബന്ധപ്പെട്ട് ഒട്ടേറെ അന്ധവിശ്വാസങ്ങൾ ഇന്നും നിലനില്ക്കുന്നു. ഒന്നാം തീയതി രാവിലെ വീട്ടിൽ വരുന്നയാൾ ആരാണെന്നു നോക്കി ആ വർഷത്തിന്റെ ഗതി എന്താകുമെന്ന് പറയുന്നവരുണ്ട്. ആദ്യസന്ദർശകൻ ഉയരംകൂടി, കറുത്ത തലമുടിയോടുകൂടിയ ആളാണെങ്കിൽ ആ വർഷം ഐശ്വര്യമാണെന്ന് പാശ്ചാത്യർ പറയും. പുതുവർഷത്തിലെ ഭക്ഷണത്തിലും ചില വിശ്വാസങ്ങൾ പുലർത്തുന്നവരുണ്ട്. വളയ ആകൃതിയുള്ള ഭക്ഷണങ്ങൾ കഴിച്ചാൽ ആ വർഷം ഭാഗ്യമെന്ന് ചിലർ വിശ്വസിക്കുന്നു. ചിലയിനം പയർ ഭാഗ്യപ്രതീകമായി വിലയിരുത്തപ്പെടുന്നു. കാബേജ് ഇലകളെ കറൻസി നോട്ടുകളായി കണ്ട് ഭാഗ്യമായി കരുതുന്ന നാടുകളുണ്ട്. ജനുവരി ഒന്നിന് രാവിലെ വയറുനിറെച്ച് ചോറുണ്ടാൽ ആ വർഷത്തിന്റെ കാര്യം രക്ഷപെട്ടു എന്നാണ് ചിലരുടെ വിശ്വാസം. എന്തായാലും ഇത്തരം അന്ധവിശ്വാസങ്ങളിൽ നാം ഉൾപ്പെടാത്തത് മറ്റൊരു ഭാഗ്യം!! എന്നാലും ചില ചടങ്ങുകൾ, വിശ്വാസങ്ങൾ നമുക്കും ഇല്ലേ? "എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം" അരികിലുള്ളപ്പോൾ ഇത്തരം വിശ്വാസങ്ങൾക്ക് എന്ത് പ്രസക്തി?

> **"പുതുവർഷം എനിക്കു ശേഷിപ്പിക്കുകയാണെങ്കിൽ കർത്താവിനുവേണ്ടി കൂടുതൽ പ്രയോജനപ്പെടും" എന്ന നമ്മുടെ കാടടച്ചുള്ള വെടി കേട്ട് ആരാധനാലയത്തിന്റെ ചുവരുകൾ ചിരിക്കുന്നുണ്ടാവാം! എത്രയോ വർഷങ്ങളായി ഒരേപല്ലവികൾ അവ കേൾക്കുന്നു. ആണ്ടറുതി വേളയിൽ എടുക്കുന്ന തീരുമാനങ്ങളിൽ പലതിനും ഒരു പകലിന്റെ ആയുസ്സുപോലുമില്ല എന്നതാണ് യാഥാർഥ്യം.**

**ചുവരുകൾ ചിരിക്കുന്നു**

കഴിഞ്ഞ വർഷത്തെ പാപഭാരങ്ങളെല്ലാം ഡിസംബർ 31ന് നാം കുഴിച്ചുമൂടി. കുറ്റബോധത്തിന്റെ മഞ്ഞുമലകൾ ഉരുകിയപ്പോൾ ദൃഢപ്രതിജ്ഞയുടെയും മാനസാന്തരത്തിന്റെയും ചീട്ടുകൊട്ടാരം ഉയർന്നു. ''പുതുവർഷം എനിക്കു ശേഷിപ്പിക്കുകയാണെങ്കിൽ കർത്താവിനുവേണ്ടി കൂടുതൽ പ്രയോജനപ്പെടും" എന്ന നമ്മുടെ കാടടച്ചുള്ള വെടി കേട്ട് ആരാധനാലയത്തിന്റെ ചുവരുകൾ ചിരിക്കുന്നുണ്ടാവാം! എത്രയോ വർഷങ്ങളായി ഒരേപല്ലവികൾ അവ കേൾക്കുന്നു. ആണ്ടറുതി വേളയിൽ എടുക്കുന്ന തീരുമാനങ്ങളിൽ പലതിനും ഒരു പകലിന്റെ ആയുസ്സുപോലുമില്ല എന്നതാണ് യാഥാർഥ്യം.

**മരണവണ്ടി അടുക്കുന്നു**

പുതുവർഷത്തിലേക്ക് പ്രവേശിച്ചപ്പോൾ നാം ഇഷ്ടപ്പെടാത്ത ഒരു യാഥാർഥ്യം വിളിച്ചു പറയുന്നു; ആയുസ്സിന്റെ ദൈർഘ്യം കുറയുന്നു. ഇന്നല്ലെങ്കിൽ നാളെ നാം ഈലോകത്തിൽ നിന്ന് വിടപറയേണ്ടവരാണ്. പണവും പ്രതാപവും പ്രശസ്തിയും എല്ലാം ശവക്കുഴിയോടെ അവസാനിക്കുന്നു. എത്രമാത്രം സ്നേഹം പ്രകടിപ്പിക്കുന്നവരും മരണശേഷം 'ശവം' എന്നാണ് സംബോധന ചെയ്യുന്നത്. ജീവൻ നഷ്ടമായാൽ എത്രയുംവേഗം ശവമടക്കാനാണ് പിന്നീടുള്ള ശ്രമം. വല്ലപ്പോഴുമെങ്കിലും നാം മരണത്തെ ഭാവനയിൽ ദർശിക്കണം. മരണത്തോടെ എല്ലാം അസ്തമിക്കുമെങ്കിൽ കലഹവും പോർവിളിയും അസൂയയും ഈഗോയും എന്തിന്? ജീവിതം അടിച്ചുപൊളിക്കുവാനുള്ള വീഥിയല്ല എന്ന ബോധ്യം ഉണ്ടാകണം. ഒപ്പം മരണത്തിനപ്പുറം ഒരു ജീവിതം ഉണ്ടെന്നുള്ള തിരിച്ചറിവ് നമ്മെ ഉണർത്തട്ടെ.

സ്വാർഥതയുടെ തടവറയിൽ നിന്നുള്ള മോചനമാണ് പുതുവർഷത്തിലെ ഏറ്റവും ഉചിതമായ തീരുമാനം. മഹാനായ ബഞ്ചമിൻ ഫ്രാങ്ക്ളിന്റെ വാക്കുകൾ ചിന്തനീയമാണ്: "എല്ലാ ദിവസവും ഞാൻ പ്രഭാതത്തിൽ അഞ്ചുമണിക്ക് ഉണരും. ഈ ദിവസം എന്തു നന്മയാണ് എനിക്കു ചെയ്യുവാൻ കഴിയുന്നതെന്ന് സ്വയം ചോദിക്കും. സ്വന്തം ജീവിതത്തെ വിലയിരുത്തി ദീർഘസമയം ഈ ചിന്തയിൽ ഞാൻ ചെലവിടും. തിരക്കാർന്ന ജീവിതത്തിൽ ഈ പതിവിന് ഭംഗം വരുത്തിയില്ല" മഹത്വത്തിന്റെയും നന്മയുടെയും വിമലകിരണങ്ങൾ ജീവിതത്തിൽ തെളിഞ്ഞു നിന്നതിന്റെ രഹസ്യമിതായിരുന്നു.

**ക്രിസ്തു മാർഗ്ഗദർശി**

കാലചക്രം കറങ്ങിത്തിരിയട്ടെ. സമയമാം രഥം അതിവേഗം സഞ്ചരിക്കട്ടെ. പ്രശ്നസങ്കീർണമായ ജീവിതയാത്രയിൽ ക്രിസ്തു അരികിലുണ്ടെന്ന ചിന്ത നമ്മെ ഭരിക്കണം. "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു" മാനുഷിക ബുദ്ധികൾക്കും നിഗമനങ്ങൾക്കും അപ്പുറത്താണ് ദൈവിക പദ്ധതിയുടെ സ്ഥാനം. വിശ്വാസത്തിന്റെ തീവ്രതയിൽ നമുക്ക് വിളിച്ചു പറയാം "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് അറിയുന്നു. അവൻ എന്റെ ഉപനിധി. ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഉറച്ചുമിരിക്കുന്നു"(2തിമൊ.1:12).

ക്രിസ്തു ജീവിതയാത്രയിൽ അമരക്കാരനായെങ്കിൽ മാത്രമേ ലക്ഷ്യം പൂർണമാകൂ. പ്രതിസന്ധികൾ കരിനിഴൽ വീഴ്ത്തുമ്പോൾ കരുണാമയന്റെ കരങ്ങളിൽ സമർപ്പിക്കുക. കാരണം, ക്രിസ്തു കരുണാസാഗരമാണ്. ശാന്തിദായകനാണ്. സർവത്തെയും ശുദ്ധീകരിക്കുന്ന അഗ്നിയാണ്. മഹാഗുരു മാർഗദർശിയാകുമ്പോൾ പുതുവർഷം പ്രതീക്ഷകളുടെ പൂക്കാലമാകും.


"നാം ഒന്നിച്ച് അവന്റെ നാമത്തെ ഉയർത്തുക" സങ്കി: 34:3

കുന്നംകുളത്തേയും പരിസരപ്രദേശങ്ങളിലേയും പെന്തക്കൊസ്ത് സഭകളുടെ ഐക്യവേദി

യുണൈറ്റഡ് പെന്തക്കൊസ്ത് ഫെല്ലോഷിപ്പ് (യു.പി.എഫ്) – കുന്നംകുളം

31–ാമത് വാർഷീക കൺവൻഷൻ

[illegible] 2012

കുന്നംകുളം സുവാർത്താ നഗറിൽ (വടക്കാഞ്ചേരി റോഡ്)

ജനുവരി 25 ബുധൻ മുതൽ 29 ഞായർ വരെ

വൈകീട്ട് 6ന് പൊതുയോഗം

പ്രാസംഗികർ

പാസ്റ്റേഴ്സ്:
സാമുവൽ ഡെന്നിസൺ
ജെയിംസ് എം. പോൾ
ജോൺ സാമുവൽ
എം.എ. ജോൺ
ഡോ: ടി.പി. വർഗ്ഗീസ്

- വ്യാഴം രാവിലെ 10ന് സഹോദരി സമ്മേളനം
  സിസ്റ്റർ വൽസ എബനേസർ (പവ്വർവിഷൻ ചാനൽ പ്രഭാഷക) ശുശ്രൂഷിക്കുന്നു
- ഞായർ രാവിലെ 10ന് സംയുക്ത സഭായോഗം
  മുഖ്യപ്രഭാഷണം ഡോ. ടി.പി.വർഗ്ഗീസ്
- ഉച്ചക്ക് 2.30ന് യുവജന വിദ്യാർത്ഥി സമ്മേളനം
  മെഗാ ബൈബിൾ ക്വിസ്സ് - കലാ സാഹിത്യ മൽസര വിജയികൾക്കുള്ള സമ്മാന വിതരണം

സംഗീതം
യു.പി.എഫ്. ക്വയർ

എവർക്കും സ്വാഗതം

യു.പി.എഫിനു വേണ്ടി

ഇവാ: കെ.പി. ബേബി, പ്രസിഡണ്ട്, 9846619172
പാസ്റ്റർ. പി.സി. ലിബിനി, സെക്രട്ടറി, 9249890904
ബ്രദർ. ഡെന്നി പുലിക്കോട്ടിൽ, പബ്ലിസിറ്റി കൺവീനർ, 9656214034

Web : www.upfkunnamkulam.in, E-mail:upfkunnamkulam@gmail.com

Golden kkm 210295


Edited, Printed and published by P.C. Glenny. Editor incharge Denny Pulikkottil. Email: newsmanna@gmail.com, Visit: www.newsmanna.com 9656214034, 9349882255.
Printed at Sharon Printers, Trissur. Layout: Naduvathra Graphics, Kottayam